# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 19-09-2009 മുതൽ 25-09-2009 വരെ)

## ഭൂമി തട്ടിപ്പ് സംഘത്തിലെ പ്രധാനി പിടിയിൽ

ആൾമാറാട്ടം നടത്തിയും വ്യാജപ്രമാണം ഉണ്ടാക്കിയും ഭൂമി സ്വന്തമായി മറിച്ചുവിൽക്കുന്ന വൻ സംഘത്തിലെ പ്രധാനി തിരുമല സ്വദേശി സുനിൽകുമാറിനെ 19.09.2009 ഉച്ചയ്ക്ക് 2 മണിയോടുകൂടി ജഗതി ഭാഗത്തുനിന്നും പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 77/09, TVM C, Peroorkada PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. D. Asokan CI, Sri. V.S Pradeepkumar SI, PCs 1693, 1106.

## 700 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു, ഒരാൾ അറസ്റ്റിൽ

20.09.2009 തീയതി രാവിലെ 9.30 മണിയോടുകൂടി നാർക്കോട്ടിക് സെൽ DySP യും പാർട്ടിയും ആലപ്പുഴ തിരുവിഴ ജംഗ്ഷന് സമീപം വാഹന പരിശോധന നടത്തിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട മാരുതി സ്വിഫ്റ്റ് കാറിനെ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും കാറിനുള്ളിൽനിന്നും 35 ലിറ്റർ വീതംകൊള്ളുന്ന 20 കന്നാസുകളിലായി 700 ലിറ്റർ സ്പിരിറ്റ് ഒളിപ്പിച്ച് വച്ച നിലയിൽ കണ്ടെടുത്തു. കൊല്ലം കാവനാട് സ്വദേശി അനീഷിനെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(Cr.348/09 ALPY, Mararikulam PS )

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.Aravindhan DySP, NC, Sri. Mohandas ASI, NC, Sri. K.N Rajesh SI, HCs 3398, 4802.

## ചീട്ടുകളി സംഘം പിടിയിലായി

ബത്തേരി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട് അറാഫാ ടവ്വേഴ്സിലുള്ള Farmers Club ൽ വൻതുക വച്ച് ചീട്ടുകളിയിലേർപ്പെട്ടിരുന്ന 39 അംഗ സംഘത്തെ 7, 26, 205/- രൂപയുമായി 24.9.2009 ന് പുലർച്ചെ 2 മണിയോടുകൂടി തലശ്ശേരി DySP ശശിധരന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തു.

(Cr.No. 377/09, WYND, Batheri PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K Sasidharan DySP, Sri. Shafi CI, Sri Jayan Dominic SI, Sri. Vijayan ASI, Sri. I. M. Suresh ASI. Sri. K. V. Rajeevan ASI

## വാഹനമോഷണ സംഘം പിടിയിൽ

ജില്ലകൾ കേന്ദ്രീകരിച്ച് ഓട്ടോറിക്ഷകളും ബൈക്കുകളും മോഷ്ടിച്ച് വില്പന നടത്തിവന്ന രണ്ടംഗ സംഘമായ അനസ്, അബ്ദുൾ കരീം എന്നിവരെ 21/09/2009 ന് മൂവാറ്റുപുഴ ടൗണിൽനിന്നും മൂവാറ്റുപുഴ പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 1713/09, EKM R, Muvattupuzha PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P.P Shams CI, Sri. Sreekumaran Nair SI, Sri. Faizal ASI, HCs 7137, 7311, 5772, PC 8449.

## 3100 വ്യാജ സി.ഡികൾ പിടിച്ചു; 2 പേർ അറസ്റ്റിൽ

പീച്ചി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പട്ടിക്കാട് ഭാഗത്ത് പുതിയ സിനിമകളുടെതടക്കം നിരവധി വ്യാജ CD കൾ വിറ്റുവന്ന തമിഴ്നാട് സ്വദേശി മാരിമുത്തുവിനെയും പാലക്കാട് സ്വദേശി ചന്ദ്രനെയും 22.9.2009 ന് വൈകി 6 മണിയോടുകൂടി പഴംപാലക്കോട്ട് നിന്നും പീച്ചി പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 508/09,TSR, Peechi PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Gopinatha menon SI, Sri Varghese ASI, GHC 3926, HC 3873, DVR PC 198.

## അനധികൃതമായി കടത്താൻ ശ്രമിച്ച റേഷനരിയും ഗോതമ്പും പിടികൂടി

മാത്യൂ വർഗ്ഗീസ് എന്നയാളുടെ ആൾത്താമസമില്ലാത്ത കോമ്പൗണ്ടിൽനിന്നും രണ്ട് ടെമ്പോ വാനുകളിലായി സൂക്ഷിച്ചിരുന്ന 110 ചാക്ക് റേഷനരിയും ഗോതമ്പും 24.09.2009 ന് ഉച്ചയ്ക്ക് 12 മണിയോടുകൂടി കുറത്തിക്കാട് പോലീസ് പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് റേഷൻകട ഉടമ ജോർജ്ജുകുട്ടിയെ അറസ്റ്റുചെയ്തിട്ടുണ്ട്.

(Cr.No. 322/09, ALPY, Kurathikkad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P. Karunakaran SI, Sri. Subai Rawther ASI, GHC 4398, HC 3165, PC 3983, DVR HC 4857.

## വൻ ചീട്ടുകളിസംഘം പിടിയിൽ

തിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഹിന്ദി കേന്ദ്രീയ മഹാവിദ്യാലയത്തിൽ വൻ തുകവച്ച് ചീട്ടുകളിൽ ഏർപ്പെട്ടിരുന്ന പതിനാലംഗ സംഘത്തെ 1,02,300/- രൂപയുമായി 21.09.2009-ന് വൈകി 4.15 മണിയോടുകൂടി തിരൂർ പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 811/09, MPM, Tirur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Babu Thomas CI, Sri. V.S Viswambharan CI, HCs 2977, 2475, PCs 3344, 4356, 4631)

## പിടികിട്ടാപുള്ളി പിടിയിലായി

നിരവധി കേസിലെ പ്രതിയും പിടികിട്ടാപുള്ളിയുമായ ചാക്കോബാബുവിനെ (LP No.13/07) 17.09.09 ന് മരുതാനകുന്നേൽ എന്ന സ്ഥലത്തെ വീട്ടിൽനിന്നും പൊൻകുന്നം പോലീസ് അറസ്റ്റ് ചെയ്തു..

( KTYM, Ponkunnam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P.K Santhosh SI, HCs 5123, 5451, PCs 6298, 6294